**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരഗ്രാമാസൂത്രണ വകുപ്പ് - പാലക്കാട് ജില്ലാ ഓഫീസിലെ ക്ലാർക്കായ ശ്രീ.ഫൈസൽ ബാബു പി.എ യ്ക്ക് കലാ-സാംസ്കാരിക, സാഹിത്യ, സിനിമ, നാടക,ടെലിവിഷൻ, പരസ്യ രംഗത്ത് പ്രവർത്തിക്കാനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.-

---

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധ)നം. 1500/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 21/04/2016

---

പരാമർശം : 1. 01.10.2015-ലെ ശ്രീ.ഫൈസൽ ബാബു പി.എ, ക്ലാർക്ക്, പാലക്കാട് ജില്ലാ ഓഫീസ്, സമർപ്പിച്ച അപേക്ഷ.

2. മുഖ്യനഗരാസൂത്രകന്റെ 15/10/2015-ലെ എ 4/9178/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നഗരഗ്രാമാസൂത്രണ വകുപ്പിന്റെ പാലക്കാട് ജില്ലാ ഓഫീസിലെ ക്ലാർക്കായ ശ്രീ. ഫൈസൽ ബാബു പി.എ യ്ക്ക് കലാ-സാംസ്കാരിക, സാഹിത്യ, സിനിമ, നാടക, ടെലിവിഷൻ, പരസ്യ രംഗത്ത് പ്രവർത്തിക്കാനുള്ള അനുമതിക്കായി സമർപ്പിച്ച പരാമർശം (1)-ലെ അപേക്ഷ അനന്തര നടപടിക്കായി പരാമർശം (2)ലെ കത്ത് പ്രകാരം മുഖ്യനഗരാസൂത്രകൻ സർക്കാരിന് സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കെ.എസ്.ആർ ഭാഗം I, അനുബന്ധം XII A പ്രകാരം മറ്റു ജോലികൾ സ്വീകരിക്കുന്നതിന് ശൂന്യവേതനാവധി അനുവദിക്കാവുന്നതായതിനാൽ നഗരഗ്രാമാസൂത്രണ വകുപ്പിലെ പാലക്കാട് ജില്ലാ ഓഫീസിലെ ക്ലാർക്കായ ശ്രീ.ഫൈസൽ ബാബു പി.എ യ്ക്ക് ശൂന്യ വേതനാവധിയിൽ പ്രവേശിച്ചുകൊണ്ട് കലാ-സാംസ്കാരിക, സാഹിത്യ, സിനിമ, നാടക, ടെലിവിഷൻ, പരസ്യ രംഗത്ത് പ്രവർത്തിക്കാനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**വി. ബിനുകുമാർ**
അണ്ടർ സെക്രട്ടറി

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
ശ്രീ. ഫൈസൽ ബാബു. പി.എ, ക്ലാർക്ക്, ജില്ലാ നഗരഗ്രാമാസൂത്രണ കാര്യാലയം, പാലക്കാട് ( മുഖ്യ നഗരാസൂത്രകൻ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ